"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-ഓഖി ചുഴലിക്കാറ്റിൽ കടലിൽ കാണാതായ മത്സ്യത്തൊഴിലാളി ശ്രീ. പുഷ്പരാജ്-ന്റെ പേരിലുള്ള വായ്പ എഴുതിത്തള്ളുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി. ആർ.എഫ്-എ) വകുപ്പ്

സ.ഉ.(സാധാ) നം.4356/2023/RD തീയതി,തിരുവനന്തപുരം, 04-12-2023

---

പരാമർശം:-
1. 09.10.2019 തീയതിയിലെ സ.ഉ(കൈ)നം. 30/2019/ഡിഎംഡി
2. തിരുവനന്തപുരം ജില്ലാകളക്ടറുടെ 12.10.2023 തീയതിയിലെ H1-471720/2022 നമ്പർ കത്ത്

**ഉത്തരവ്**

ഓഖി ദുരന്തത്തിൽ മരണപ്പെട്ട/കാണാതായ മത്സ്യത്തൊഴിലാളികളുടെ വായ്പ എഴുതുതള്ളുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്വർണ്ണവായ്പ ഒഴികെയുള്ള മറ്റ് വായ്പകളുടെ കാര്യത്തിൽ ബാങ്കുകൾ പലിശകൾ/പിഴപ്പലിശകൾ പൂർണ്ണമായും ഒഴിവാക്കേണ്ടതും 29.11.2017-ന് അടയ്ക്കാൻ ബാക്കിയുള്ള മുതൽ എഴുതി തള്ളേണ്ടതും കുടുംബാംഗങ്ങളെ വായ്പാമുക്തരാക്കേണ്ടതുമാണെന്നും ഇത്തരത്തിൽ എഴുതിത്തള്ളുന്ന മുതലിന്റെ 60% ശതമാനം സർക്കാർ (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും) ബാങ്കുകൾക്ക് അനുവദിക്കുന്നതും 40% ബാങ്കുകൾ വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്.

2. ഓഖി ചുഴലിക്കാറ്റിൽ കടലിൽ കാണാതായ പുഷ്പരാജിന്റെ ഭാര്യയായ ശ്രീമതി സെൽവറാണി എന്നവർ ജപ്തി നടപടി ഒഴിവാക്കണമെന്നും വായ്പ കുടിശ്ശിക എഴുതിത്തള്ളണമെന്നും കാണിച്ച് അപേക്ഷ സമർപ്പിച്ചതായും പുഷ്പരാജിന്റെ കൈവശത്തിലുണ്ടായിരുന്ന സ്ഥലം സമുദ്രതീര പുറമ്പോക്കിൽ ഉൾപ്പെട്ടുവരുന്നതാണെന്നും അപേക്ഷകയ്ക്ക് സ്വന്തമായി സ്ഥലമില്ലാത്തതും വാടകവീട്ടിൽ താമസിച്ച് വരുന്നതാണെന്നും വായ്പ വിമുക്തമാക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാനറ ബാങ്ക്, അരുമാനൂർ ബ്രാഞ്ച് മാനേജരുടെ റിപ്പോർട്ട് പ്രകാരം ശ്രീ. പുഷ്പരാജിൽ നിന്നും നിലവിൽ ഈടാക്കാനുള്ള ആകെ തുകയായ 9,14,031/- രൂപയിൽ നിന്നും പലിശയും കൂട്ടുപലിശയും കഴിച്ച് മുതലിൽ വകവച്ച് ബാങ്കിന് കിട്ടാനുള്ള തുകയായ 4,20,893/-രൂപയിൽ സർക്കാർ വഹിക്കേണ്ട 60% തുകയായ 2,52,535/- രൂപ ലഭിക്കുന്ന മുറയ്ക്ക് ബാക്കി 40% തുകയായ 1,68,358/- രൂപ ബാങ്ക് വഹിക്കാൻ തയ്യാറാണെന്നും, ലോൺ തുക തിരിച്ച് ഈടാക്കുന്നതിലേയ്ക്കായി ഒഎസ് 1130/22 നമ്പരായി നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ ടിയാനെതിരെ കേസ് നൽകിയതിൽ കോർട്ട് ഫീ ഇനത്തിലും അഡ്വക്കേറ്റ് ഫീ

ഇനത്തിലും 55,000/- രൂപ ബാങ്കിന് ചിലവ് വന്നിട്ടുള്ളതും ആയത് തിരികെ ലഭിക്കുവാൻ ബാങ്കിന് അർഹതയുണ്ടെന്നും ബാങ്ക് മാനേജർ അറിയിച്ചതായും ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

3. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. മേൽ കേസിൽ ബാങ്കിന് കിട്ടാനുള്ള തുകയായ 4,20,893/-രൂപയിൽ സർക്കാർ വഹിക്കേണ്ട 60% തുകയായ 2,52,535/- രൂപ **(രണ്ട് ലക്ഷത്തി അൻപത്തിരണ്ടായിരത്തി അഞ്ഞൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാങ്കിന് അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

4. പ്രസ്തുത ആവശ്യത്തിലേക്കായി വേണ്ടി വരുന്ന 2,52,535/- രൂപ **(രണ്ട് ലക്ഷത്തി അൻപത്തിരണ്ടായിരത്തി അഞ്ഞൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാകളക്ടർക്ക് അനുവദിക്കുന്നതാണ്. ജില്ലാ കളക്ടർ പ്രസ്തുത തുക അടിയന്തിരമായി ബന്ധപ്പെട്ട ബാങ്കിന് വിതരണം നടത്തി വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
സ്പെഷ്യൽ സെക്രട്ടറി

ജില്ലാകളക്ടർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ദുരന്ത നിവാരണ (എ) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
V D Omana
Date: 04-12-2023 12:18:10
സെക്ഷൻ ഓഫീസർ